"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2024-25- ഐ.സി.ഡി. പി. പാലക്കാട് രണ്ടാം ഘട്ടം - പി ഐ റ്റി വിഹിതം അനുവദിക്കുന്നത് - തുക റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.44/2025/Co-Op തീയതി,തിരുവനന്തപുരം, 22-01-2025

---

പരാമർശം:-

1. 29/12/2014ലെ എൻ സി ഡി സി :3-12(17)2012-209 എ 140012 നം കത്ത് .
2. സ.ഉ (സാധാ) നം.456/2018/സഹ തീയതി 26/07/2018
3. സ.ഉ(സാധാ) നം. 567/2020/സഹ തീയതി 04/11/2020
4. സഹകരണ സംഘം രജിസ്ട്രാറുടെ 23/9/2024 ലെ ആർ .സി .എസ്/3011/2020/ഐ സി ഡി പി നം കത്ത്
5. 17/12/2024 ലെ ഡി ഓ ലെറ്റർ നം.എൻ സി ഡി സി 3-1285-ഐ സി ഡി പി നം കത്ത്
6. സ.ഉ (സാധാ) നം. 506/2025/ധന തീയതി 19/01/2025
7. സർക്കുലർ നം 35/2024/ധന തീയതി 12/06/2024

**<u>ഉത്തരവ്</u>**

ഐ.സി.ഡി.പി പാലക്കാട് രണ്ടാം ഘട്ട പദ്ധതിയ്ക്ക് 6,192.50 ലക്ഷം രൂപ ധനസഹായം അനുവദിക്കുന്നതിന് പരാമർശം (1) കത്ത് പ്രകാരം എൻ.സി.ഡി.സി യുടെ അനുമതി ലഭിച്ചിരുന്നു. ടി ധനസഹായം അനുവദിക്കുന്നതിന് പരാമർശം (2) പ്രകാരം ഭരണാനുമതി നൽകിയിരുന്നു. സംസ്ഥാന സഹകരണ ബാങ്കിനെ പ്രോജക്റ്റ് ഇംപ്ലിമെന്റേഷൻ ഏജൻസിയായി (പി ഐ എ) പരാമർശം (3) പ്രകാരം ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. പരാമർശം (5) കത്ത് പ്രകാരം ഐ.സി.ഡി.പി പദ്ധതിയുടെ

അനുമതി കാലാവധി 31.03.2025 വരെ ദീർഘിപ്പിച്ച് ലഭ്യമായിട്ടുണ്ട്.

2. എൻ.സി.ഡി.സിയിൽ നിന്നും മുൻകൂറായി ലഭിച്ച എൻ.സി.ഡി.സി സബ്സിഡി വിഹിതവും സംസ്ഥാന വിഹിതവും പ്രോജക്ട് ഇംപ്ലിമെന്റേഷൻ എജൻസി (പി.ഐ.എ) യ്ക്ക് അനുവദിച്ച് നൽകാവുന്നതാണ് എന്ന് സഹകരണ സംഘം രജിസ്ട്രാർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. അപ്രകാരം പദ്ധതി അടങ്കൽ തുകയിൽ പി.ഐ.എയ്ക്ക് ഇനി അനുവദിക്കാൻ ബാക്കിയുള്ള 44,15,728 രൂപ പി.ഐ.യ്ക്ക് അനുവദിച്ച് നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് പരാമർശം (4) കത്ത് പ്രകാരം സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരുന്നു. ഐ.സി.ഡി.പി പാലക്കാട് രണ്ടാം ഘട്ട പദ്ധതിയ്ക്ക് അധിക ധനാനുമതി മുഖേന ചുവടെ പറയും പ്രകാരമുള്ള തുക പി ഐ എ യ്ക്ക് അനുവദിക്കണമെന്ന് സഹകരണ സംഘം രജിസ്ട്രാർ അപേക്ഷിച്ചിരുന്നു.

| ശീർഷകം | തുക |
|---|---|
| സംസ്ഥാന സബ്സിഡി - 2425-107-94 | 44,15,728 |

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഐ.സി.ഡി.പി പാലക്കാട് രണ്ടാം ഘട്ട പദ്ധതിയ്ക്ക് പി ഐ റ്റി വിഹിതമായി 44,15,728 രൂപ (നാൽപ്പത്തി നാല് ലക്ഷത്തി പതിനയ്യായിരത്തി എഴുന്നൂറ്റി ഇരുപത്തി എട്ട് രൂപ മാത്രം) ധനസഹായം ചുവടെ പറയും പ്രകാരം പരാമർശം (6) സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 2024-25 സാമ്പത്തിക വർഷത്തിൽ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ശീർഷകം | തുക |
|---|---|
| സംസ്ഥാന സബ്സിഡി - 2425-107-94 | 44,15,728 |

4. പ്രസ്തുത തുക, പരാമർശം (7) പ്രകാരമുള്ള സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട് ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, 2024-25 സാമ്പത്തിക വർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

AJI PHILIP

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി1/189/2023/ധന)

വെബ് & ന്യൂ മീഡിയ, ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Radhika P
Date: 22-01-2025 13:12:52
സെക്ഷൻ ഓഫീസർ

പകർപ്പ്:- 1. ബഹു. സഹകരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്

2. സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ ക്ക്

3. സഹകരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ.യ്ക്ക്